# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1518**

**13.06.2014 - ൽ**
**മറുപടിക്ക്**

## കാർഷിക സർവ്വകലാശാലയിൽ ഐ.സി.എ.ആർ. ആക്റ്റ്

| **ചോദ്യം**<br>ശ്രീ. സി.പി. മുഹമ്മദ് | | **മറുപടി**<br>**ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| **എ)** കേരള കാർഷിക സർവ്വകലാശാലയിൽ സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമം ഭേദഗതി ചെയ്ത് പകരം ഐ.സി.എ.ആർ. മോഡൽ ആക്റ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>**ബി)** ഉണ്ടെങ്കിൽ നിലവിലുള്ള നിയമത്തിലെ ജനാധിപത്യ വ്യവസ്ഥകൾ ഇല്ലാതാക്കിക്കൊണ്ട് ഉദ്യോഗസ്ഥ കേന്ദ്രീകൃത ഭരണ സംവിധാനമായ ഐ.സി.എ.ആർ മോഡൽ ആക്റ്റ് നടപ്പിലാക്കാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുമോ;<br><br>**സി)** സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തിക്കൊണ്ട് തന്നെ ഗ്രാന്റ് നൽകുന്ന സർക്കാരിന് സർവ്വകലാശാലകളുടെമേൽ നിലവിലുള്ള നിയന്ത്രണാധികാരം എടുത്തു കളയുന്ന നടപടിയിൽ നിന്നും പിന്തിരിയുമോ;<br><br>**ഡി)** ഐ.സി.എ.ആർ. മോഡൽ ആക്റ്റ് നടപ്പിൽ വരുത്തിയാൽ സർക്കാരിന് സർവ്വകലാശാലകളുടെ മേലുള്ള നിയന്ത്രണാധികാരം നഷ്ടപ്പെടുകയും നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ നൽകി വരുന്ന സർക്കാർ ധനസഹായം തുടർന്നും നൽകേണ്ട അവസ്ഥ ഉണ്ടാകുകയും ചെയ്യുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | **എ) ബി) സി) & ഡി)** | ഐ.സി.എ.ആർ. മോഡൽ ആക്റ്റിനനുസൃതമായി കേരള കാർഷിക സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യണമെന്ന ഐ.സി.എ.ആർ. നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**